# ലയം




# ബി.ഇ.എം ജി.എച്ച്.എസ്.എസ്

# ലിറ്റിൽ കൈറ്റ്സ്

# 2019-2020

# ഉള്ളടക്കം

നൂറ്റാണ്ടുകളുടെ പാരമ്പര്യവുമായി ബി.ഇ.എം

എന്റെ വിദ്യാലയം

സ്നേഹം

ജീവിതം

അമ്പിളി

പ്രളയം

സങ്കടം

മഴത്തുള്ളി

മരണം

കൂട്ടുകാരി

ഇരുട്ട്

വിദൂരതയിൽ

**My Freedom**

**Better Know Better**

# മുഖ്യപത്രാധിപർ

വിദ്യാർത്ഥികളുടെ സമഗ്രമായ വികാസത്തെ ലക്ഷ്യംവെച്ച് നിലവിൽ രൂപംകൊണ്ട 'KITE' എന്ന പദ്ധതിയുടെ ഭാഗമായി ബി.ഇ.എം. സ്കൂളിലെ 9,10 ക്ലാസുകളിലെ 'LITTLE KITES' അംഗങ്ങളായ ഒരുകൂട്ടം വിദ്യാർത്ഥികൾ തയ്യാറാക്കിയ 'DIGITAL MAGAZINE' ആണിത്. വളരെ ചുരുങ്ങിയ സമയം കൊണ്ട് തയ്യാറാക്കിയ പ്രഥമസംരംഭമായ ഈ മാസിക തികച്ചും ലളിതവും ശ്രേഷ്ഠവുമാണ്.

വിദ്യാർത്ഥികൾ എന്ന നിലയിൽ 'മലയാളം' എന്ന നമ്മുടെ മാതൃഭാഷ മഹിമയും മാധുര്യവും ഒട്ടും ചോർന്നു

പോകാതെ തന്നെയാണ് ഞങ്ങൾ ഈ മാസിക തയ്യാറാക്കിയിട്ടുള്ളത്.കഥകൾ,കവിതകൾ തുടങ്ങിയ ഈ മാസികയുടെ ഭാഗമായി തീർന്ന എല്ലാ രചനകളും ഞങ്ങളുടെ തന്നെ സൃഷ്ടികളാണ്.കൈറ്റിൻെറ കീഴിൽ നടത്തിയ ക്ലാസുകളിൽ നിന്നും ശേഖരിച്ച ഒട്ടനേകം വിവരങ്ങളുടെ സഹായത്തോടെ ഞങ്ങൾ നെയ്യെടുത്ത ഈ ഒരു ചെറിയ സംരംഭം ഞങ്ങളെ സംബന്ധിച്ചിടത്തോളം ഒരു പുതിയ അനുഭവമായിരിന്നു. അതുകൊണ്ടുതന്നെ സ്നേഹപൂർവം വളരെ സന്തോഷത്തോടെയും അഭിമാനത്തോടെയും ഞങ്ങളുടെ പേരിലും സ്കൂളിൻെറ പേരിലും കേരളത്തിലെ എല്ലാ

സ്കൂളുകൾക്കും വിദ്യാർത്ഥിൾക്കും വേണ്ടി ഞങ്ങളിത് സമർപ്പിക്കുന്നു.അതോടൊപ്പം വളരെ ചെറിയ സമയം കൊണ്ട് ഞങ്ങൾ തയ്യാറാക്കിയ ഈ മാസിക എന്തെങ്കിലും തരത്തിലുള്ള പിഴവുകൾ വായനക്കാർക്ക് നേരിടേണ്ടി വന്നാൽ വിനയപൂർവം ഞങ്ങൾ ക്ഷമ ചോദിക്കുന്നു.

# നൂറ്റാണ്ടുകളുടെ പാരമ്പര്യവുമായി ബി.ഇ.എം




കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് പ്രൗഢഗംഭീരമായൊരു കെട്ടിടസമുച്ചയം.അതാണ് ബി.ഇ.എം.ഗേൾസ് ഹൈയർസക്കണ്ടറി സ്കൂൾ.

1848-ൽ ആംഗ്ലോ വർണ്ണാക്കുലർ സ്കൂളായി കല്ലായിൽ ബാസൽ സമീപത്തേക്ക് മാറ്റിസ്ഥാപിച്ചത്.

1842-ൽ ബാസൽ മിഷനാൽ സ്ഥാപിക്കപ്പെട്ട പള്ളി കോഴിക്കോട് നഗരത്തിന് തിലകക്കുറിയായി നിലകൊള്ളുന്നു.

പ്രൗഢഗംഭീരമായ ഈ സൗധം മാനാഞ്ചിറയ്ക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്നു.അലങ്കാരമഹിമയിൽ മാനാഞ്ചിറയിൽ പ്രതിഫലിക്കുന്ന ഈ പള്ളിയുടെ പ്രതിബിംബം ആരുടെ മനസ്സിലും മായാതെ നിൽക്കുന്നതാണ്.കുട്ടികളെ പഠിക്കാൻ അയക്കുക എന്നത് ഏതൊരു രക്ഷിതാവിന്റെയും ആഗ്രഹമാണ്.സ്കൂളിലേക്കുള്ള പ്രവേശന സമയത്തുള്ള തിരക്കുകളിൽ നിന്ന് തന്നെ സ്കൂളിലെ അദ്ധ്യയനം പ്രശംസനീയമായി നടക്കുന്നു എന്ന് മനസ്സിലാക്കാം.അർപ്പണ മനസ്സുള്ള അദ്ധ്യാപകർ എന്നും ഈ സ്കൂളിന്റെ മുതൽക്കൂട്ടാണ്.ഗുരുശിഷ്യ ബന്ധമാണ് സ്കൂളിന്റെ ജീവനാഡി.

# എന്റെ വിദ്യാലയം



എത്ര മനോഹരമെന്റെ വിദ്യാലയം

ഓർമ്മകളോടിക്കളിച്ചൊരാ ആലയം

കാലം കവർന്നൊരാ പൊൻമണി മുത്തുകൾ

നിറയെ വിടർന്നു വിരിഞ്ഞകാലം

എന്നിലെ നിശ്വാസമേറ്റു പടർന്നൊരാ

വൃക്ഷച്ചുവടുകളുണ്ടിവിടെ

എന്നെ പുണർന്നൊരാ ബാല്യത്തിൽ വർണ്ണങ്ങൾ

വീണ വഴികളുമുണ്ടധികം

വീണയുതിർത്തൊരു നാദവും താളവും

ഇന്നു ധ്വനിയോടെ കേൾക്കുന്നുണ്ട്

അഖിലാണ്ഡ മണ്ഡലം പാടിയമുറ്റത്ത്

പാദം പതിഞ്ഞൊരാ പാട്ടുമുണ്ട്

അറിവുപകർന്നൊരാ അക്ഷരപ്പൊയ്കയിൽ

അതിയായ മോഹമായ് ഞാനിരിപ്പൂ

അവിടെ കൊഴിഞ്ഞൊരാ നഷ്ടസ്വപ്നങ്ങളെ

പതിയേയെടുത്തെനിക്കോമനിക്കാൻ

ഓർമ്മയിൽ പുൽകുന്ന പിടി പീലികൾ

പുസ്തകത്താളിലൊളിച്ചിരിപ്പൂ

പതിയെ മറിച്ചൊന്നു മിഴിവാർന്നു നോക്കിയാൽ

നിറമാർന്ന പീലിയായ് നൃത്തമാടും

എത്ര മനോഹരമെന്റെ വിദ്യാലയം

ഹൃദയമാം മണിച്ചെപ്പിലെന്നുമെന്നും

സ്വപ്നവും വിരഹവും മധുരവും നൽകിയ

കുളിരുള്ള ഓർമ്മയാണിന്നുമെന്നും

-Liya Marfah.E.P

# സ്നേഹം

ഇരുകൈയും നീട്ടിയിരിക്കുന്നോരമ്മൂമ്മ
ഭിക്ഷയാചിച്ചു നടപ്പാണ് തെരുവിൽ
ഒരുകൈ മറുകൈ വെറുതെയിരിക്കുന്നു
തരുമോ നീയൊരു കുഞ്ഞുനാണയം ?
തിരിഞ്ഞുനോക്കിടാതെ പോവുന്നീതാളുകൾ
ഏവർക്കും വെറുപ്പായിരിക്കാം
ഈ അമ്മൂമ്മയോട് ഞാനെന്തുപറയാൻ
ഞാൻ തരാം ഒരു കുഞ്ഞുനാണയം
സ്നേഹമാം സ്വർണ്ണനാണയം .



-Aiswarya.V.P

# ജീവിതം

ആഘോഷരാവുകൾ പലതായി പൊഴിഞ്ഞിടും

ദുഃഖത്തിൻ രാവും കണ്ണീരായ് പൊഴിഞ്ഞിടും

പിഴവുകൾ ഒരുപാട് ജീവനിൽ ചേർന്നിടും

പുച്ഛത്തിൻ മുഖങ്ങൾ പലതായി കണ്ടിടും

തെറ്റുകളേറെയും പോരാതെ കണ്ടിടും


നാട്ടുകാർ കുറ്റങ്ങൾ കാണുവാൻ പാഞ്ഞിടും

ദിവസങ്ങളിൽ നാം ഒരുപാട് കണ്ടിടും

മുഖങ്ങളെ പറ്റിനാം ഓർക്കാതെ പോയിടും

ജീവിതം ഇങ്ങനെ വിങ്ങിപാഞ്ഞിടും

മറക്കുക പൊറുക്കുക തുടരുക ജീവിതം …………



-Devika.P

# അമ്പിളി

അമ്പിളിത്താലം തേച്ചുമിനുക്കമ്പം

തെന്നിത്തെറിച്ചതാക്കെത്തൊട്ടിൽ

ആകെ ചളിയിൽകുതിർന്നല്ലൊ

ആരുമിതെന്തേ കാണാഞ്ഞു

നാളെ വെളുക്കും മുമ്പാരാനും

ചാടിയിറങ്ങിയെടുത്താലൊ .......

" അച്ഛാ ഞാനൊന്നിതു കാണട്ടെ "

" കുട്ടി വഴിക്കു നടന്നോളൂ "

മ്ളാനമായ അച്ഛൻെറ തോളത്ത്

വാടിക്കിടന്നു മയങ്ങിപോയി

പിന്നെയുമുറക്കമൊന്നുണർന്നപോ-

ളമ്പിളിയാകാശ മേലാപ്പിൽ.



-Pavithra

# പ്രളയം

പ്രളയക്കെടുതിക്കറുതി വരുത്തിയോരെൻ

മലയാള നാട്ടിൽ മക്കൾ ആർത്തിരമ്പും

തിരകൾക്കിടയിൽ

പൊരുതി ജയിച്ചോരവർ

സാഗരത്തോട്ടു മല്ലിട്ടവർക്കിതെഞ്ഞു പ്രഹരം

മതം പൊട്ടി മണ്ണിനെ മതിച്ച്

മനസ്സിനെ മതിച്ചവർക്കിതൊരു ബലിദാനം

ജാതി മതം സമ്പത്ത് വർണ്ണം

അതിർവരമ്പുകൾ നിരവധിയനവധി

ഒട്ടുക്കം ശൂന്യത മാത്രം ശേഷിപ്പായി

ആട്ടിയകറ്റിയവർ തുണയേകി , കരുതലായി

പെയ്തിറങ്ങി സ്നേഹം



മാനവസേവ താൻ മാനവസേവ

-Liya Marfah.E.P

# സങ്കടം

ആകാശത്ത് വട്ടമിട്ട് ആഹ്ലാദിച്ച് നടക്കുന്ന

ഓരോ പക്ഷികളിലുമുണ്ട് ......

തൻെറ മക്കളെ കുറിച്ച് വേവലാതിയില്ലെന്നു

പറയുന്ന ഒരോ മാതാപിതാക്കളിലുമുണ്ട് ........

സന്തോഷത്താൽ മുഖം വെളിച്ചത്തിൽ ജ്വലിക്കുന്ന

ഓരോ മുഖത്തിൻെറ ഉടമയ്ക്കുമുണ്ട് .......

വിശ്വാസങ്ങൾ പകർന്നുകൊടുക്കുന്ന

ഓരോ ദൈവീയമുഖങ്ങളിലുമുണ്ട് ........

സങ്കടം അത് മായാതെ

ഓരോരുത്തരിലും പിടിപ്പെട്ടുന്നതാണ്

മായാതെ മായാതെ അതെന്നും നമ്മിൽ

വന്നുകൂട്ടുന്നതുമാണ് ആരുമറിയാതെ

പറയാതെ ഉള്ളിലൊതുക്കുന്ന സങ്കടം

നമ്മുടെ കൂടെപിറപ്പായി പറന്ന സങ്കടം .........



-Vismaya.N

# മഴത്തുള്ളി



ഒരുപാട് നാളായ് വീഴും മഴത്തുള്ളി
ജീവന്റെ രേഖയായ് മാറി
ആകാശ വീഥിയിൽ കൂട്ടിമുട്ടും മേഘം
മണ്ണിന്റെ അമ്മയായി മാറി
ജീവിത രേഖയായ് വന്നു അവൾ വീണ്ടും
ഭൂമിയിൽ ജീവനായി വീണു
കുളിരായി തളിരായി വന്നവൾ ഭൂമിയിൽ
ജീവിതം ശ്രീയാക്കി മാറ്റി
ജീവിതത്തിന്റെ സദസ്സിൽ നിന്നവൾ
മായാവിദ്യകൾ കാട്ടി

കുഞ്ഞനുറുമ്പിനും

കൂട്ടുകാർക്കും അവൾ

സന്തോഷരേഖയായ് മാറി

കുട്ടികൾ തുള്ളി കളിച്ചു അവളുടെ

സംഗീത രാഗത്തിലാടി

കാടും മലയും പിന്നിട്ടവൾ ഓടി

വീടിന്റെ മുറ്റത്തുമെത്തി

എന്റെ വീടിന്റെ മുറ്റത്തുമെത്തി

തുമ്പിയും പൂമ്പാറ്റയും പാറികളിക്കുന്നു

പൂക്കളോ ആടിക്കളിച്ചു

കിളികൾ മധുരമായി പാടി

മാവിന്റെ ചില്ലകളാടി

മലകളെ പുഴകളെ തഴുകുന്ന മഴ എന്നിൽ

ജീവന്റെ സല്ലാപമായി

വീടിന്റെ മുറ്റത്തുമെത്തി

എന്റെ വീടിന്റെ മുറ്റത്തുമെത്തി

-Rumana Azeem

# മരണം

നാട്ടുകാർതേടി വീടിനോടടുത്തു
മിത്രത്തിൻ കണ്ണുനീർ താഴേക്കൊലിച്ചു
ബലിക്കാക്കകൾ വിളിക്കായ് കാതോർത്തിരുന്നു

പൂക്കൾ നിറഞ്ഞ പൂഞ്ചോല
എൻ ദേഹത്തുതിർത്തു
വിറകുകൾ നിശബ്ദമായി പൊരിയാനിടയായി
തീ ചൂട്ടുകൾ എൻ അടുത്തേക്കടുത്തു
ചിതാഭസ്മം കാത്തു കടലുകൾ കരയോടടുത്തു
എൻ മരണം കൈപിടിച്ച്
ദൂരേക്ക് പാഞ്ഞു ...........



-Radhika shiju

# കൂട്ടുകാരി

ഞാനാരെന്നോ

നീയാരെന്നോ

ചോദിക്കാതെ

കൂട്ടുകൂടാനായെന്റെ

കൂട്ടു തേടിയണഞ്ഞെൻ

കുഞ്ഞാറ്റ കിളി

നമ്മുടെ ഓരോ കാഴ്ചയും

ഓരോ ഓർമ്മയാകുന്നു

കാറ്റിനോട് കഥമെനഞ്ഞും

കിളികളോട് കളി പറഞ്ഞതും

കണ്ണാരം പൊത്തികളിച്ചതും

കിലുകിലെ കൊഞ്ചി ചിരിച്ചതും

ആൽമരതണലിൽ നാം

കളിച്ചുല്ലസിച്ചതും

നീ ഓർക്കുകില്ലേ

സൗഹൃദതണലിൽ

കളിച്ചുല്ലസിച്ച

കരളിന്റെ കരളായ കൂട്ടുകാരി

സൗഹൃദത്താൽ

കരൾ നിറഞ്ഞ്

വീണ്ടും കാണാമെന്ന

പ്രതീക്ഷയിൽ

പുൽതകിടുവിട്ടകന്ന

പ്രിയ കൂട്ടുകാരി




-Smrithi.s.nair

# ഇരുട്ട്

മനസ്സിന്റെ വികാരങ്ങളെ എനിക്ക് പുറത്തെടുക്കുവാനും

സന്തോഷത്തെ എനിക്ക് ആസ്വദിക്കുവാനും

സകടങ്ങളെ എനിക്ക് പ്രകടിപ്പിക്കുവാനും



ഇരുട്ടിനായി ഞാൻ ദാഹിക്കുന്നു

ഒറ്റപ്പെടലിന്റെ പ്രതീകമായും

ഇരുട്ടിനെ ഞാൻ ഉപമിക്കുന്നു

എനിക്ക് എന്റെ മനസ്സിനെ ഒരുക്കണം

കണ്ണുനീർ തുള്ളികൾ പുറത്തെടുക്കണം

കാഴ്ച്ചയിൽ സാധാരണക്കാരനും ഒറ്റപ്പെടലിൽ

അസാധാരണമായി തോന്നുന്ന മനുഷ്യന്റെ ശക്തി

‘ഇരുട്ട് ‘

ജനിക്കും മുൻപ് അമ്മയുടെ ഉദരം മുതൽ

മരണശേഷം ആറടി മണ്ണിൽ

എൻ കൂടെയുള്ള സുഹൃത്ത്

‘ഇരുട്ട് ‘

-Ridha Fathima

# വിദൂരതയിൽ

വിടരുന്ന പൂവിന്റെ ചുടികളിൽ ഉദിരുന്ന
നറുതുള്ളി പോൽനിൻ പവിത്രമാം സ്നേഹം
ആകാശ വീണയിൽ തനിയെ ഞാൻ കൈകോർത്തുനിന്ന്
അരുമയിൽ പാടി നിൻ മൃദുല സ്നേഹം

നിൻ മിഴികളിൽ വിരിയുന്ന പ്രണയത്തിൽ
നറുപുഷ്പം,പോലെ നിൻ തരള സ്നേഹം
ഹൃദയം നുറുങ്ങുന്ന നൊമ്പരത്തോടെ ഞാൻ,
ഒർക്കുകയാണ്,നിൻ വിരഹ സ്നേഹം

ഒന്നിച്ചു പിന്നിട്ട ആർദ്രമാം നിമിഷങ്ങൾ,

താരാട്ടു പോലെ ഞാൻ ഓർത്തിടുന്നു

ഈ ശൂന്യമാം രാവിൽ ഞാൻ തനിച്ചിരിപ്പൂ

നിന്നെ തേടി ഞാൻ അലയുന്നു സഖി...

നിൻ കാൽപ്പാടുകൾ ഞാൻ തേടിടുന്നു



-Ayisha Hanna.M

# MY FREEDOM

I  am water ! I originate and travel all through the seas and rivers. Here is my short story of freedom. One fine day i was travelling through the waves of river where i saw beautiful dolphins jumping and there were many boats standing still. Nearing to the land i saw beautiful butterflies, flowers and trees. I helped them grow. One day when i was on my travel through the river, suddenly i pumped into a thin pipe and finally ended up in a large tank. I felt enclosed and sick there. Gradually i was put into a bottle which was even more congested for me to

Move. I  was taken to the market along with all other friends of mine. Then, i would just wonder about my freedom through the rivers and the seas

-Sharaha.V

# BETTER KNOW BETTER

“It was a great struggle”,said the river
“All the way down here.
Meandering, falling head down,
overcoming dams and bunds
suffering wear and tear.”
The sea embraced the river like a mother
finding a child long lost to her:

“The way you come was made long ago
leaving you with no chance anywhere else to go!
Said the sea with a knowing smile
that did not fade for a long while.

-Fathima nihala.N